**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 173** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് താലൂക്ക് ആശുപത്രിയുടെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള സിവിൽ സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ് സർജൻ തുടങ്ങിയ തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പുതുക്കാട് താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ/കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല. നിലവിൽ ജോലി നോക്കുന്നത് സ്ഥിര ജീവനക്കാരാണ്. ഇവിടെ സിവിൽ സർജന്റെ ഒരു ഒഴിവാണ് നിലവിലുള്ളത്. പ്രസ്തുത ഒഴിവ് പ്രൊമോഷൻ/ട്രാൻസ്ഫർ വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ജനറൽ സർജറി വിഭാഗത്തിലെ ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് പ്ലേസ്മെന്റ് മുഖേന നികത്തുന്നതാണ്

**(ബി)** ദേശീയപാത 544 നോട് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രസ്തുത താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ സംവിധാനം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ**